പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 593 . 29.06.2011—ൽ മറുപടിക്ക്

**അങ്കമാലി നിയോജകമണ്ഡലത്തിലെ കണ്ണിമംഗലം പാണ്ടുപ്പാറ, കുടിവെള്ള പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ. പി. ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യംമ്പുഴ —മലയാറ്റൂർ പഞ്ചായത്തുകളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാർ 54 ലക്ഷവും ജില്ലാ പഞ്ചായത്ത് 30 ലക്ഷവും അനുവദിച്ചിട്ടും കണ്ണിമംഗലം—പാണ്ടുപ്പാറ കുടിവെള്ളപദ്ധതി നടപ്പാക്കുന്നതിലെ കാലതാമസത്തിന്റെ കാരണം വിശദമാക്കുമോ ; | (എ) | അങ്കമാലി നിയോജകമണ്ഡലത്തിലെ അയ്യംമ്പുഴ, മലയാറ്റൂർ പഞ്ചായത്തുകളിലെ ഉയർന്ന പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി ഈ പദ്ധതിയുടെ വിതരണ ശൃംഖലയ്ക്കുവേണ്ടിയുള്ള 54.65 ലക്ഷം രൂപയുള്ള ഒരു പദ്ധതി 5.6.2010 ൽ ചേർന്ന SLSSC യിൽ അനുമതി നൽകിയിട്ടുണ്ട്. പദ്ധതിയ്ക്ക് ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയുടെ ഭാഗമായുള്ള പമ്പിംഗ് മെയിൻ, ടാങ്ക്, പമ്പ് സെറ്റ് മുതലായവയ്ക്ക് വേണ്ടിയുള്ള 30 ലക്ഷം രൂപ 24.3.2011—ൽ ജില്ലാ പഞ്ചായത്ത് KWA - യിൽ അടച്ചിട്ടുണ്ട്. ഇതിനുവേണ്ടിയുള്ള ടാങ്ക് പണിയുന്നതിനുള്ള സ്ഥലം ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കേണ്ടതുണ്ട്. |
| (ബി) | സംസ്ഥാന സർക്കാർ അനുവദിച്ച 54 ലക്ഷത്തിന് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഭരണാനുമതി നൽകുന്നതിലെ കാലതാമസം എന്തെന്നും അത് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ എന്നും വ്യക്തമാക്കുമോ; | (ബി) | അയ്യാമ്പുഴ കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖലയ്ക്കുവേണ്ടിയുള്ള 54.65 ലക്ഷം രൂപയുടെ പ്രൊപ്പോസലിൽ 5.6.10—ൽ കൂടിയ SLSSC അംഗീകാരം നൽകിയിട്ടുണ്ട്. ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | ഈ പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) | ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ